**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3512 22.08.2017 ൽ മറുപടിക്ക്

**കൊണ്ടോട്ടി മണ്ഡലത്തിലെ ആശുപത്രികൾ**

| ചോദ്യം<br>ശ്രീ. ടി. വി. ഇബ്രാഹിം : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഓരോ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലും ചുരുങ്ങിയത് ഒരു സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെങ്കിലും വേണമെന്ന നിബന്ധന നിലവിലുണ്ടോ എന്നറിയിക്കാമോ; | (എ) | ബ്ലോക്ക്തല ആരോഗ്യകേന്ദ്രങ്ങൾ എന്ന നിലയിലാണ് സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്.<br>സംസ്ഥാനത്തൊട്ടാകെ 152 വികസന ബ്ലോക്കുകളും 232 സാമൂഹ്യാരോഗ്യകേന്ദ്രങ്ങളും നിലവിലുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഒരു സി.എച്ച്.സി. പോലും നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) & (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു ജില്ലയിൽ മാനദണ്ഡ പ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഒരു താലൂക്കിൽ മാനദണ്ഡ പ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും തെരഞ്ഞെടുക്കപ്പെട്ടതിൽ കൊണ്ടോട്ടി സാമൂഹ്യാരോഗ്യകേന്ദ്രത്തെയും താലൂക്ക് ലെവൽ ആശുപത്രിയായി പരിഗണിച്ച് അധികമായി 4 സ്റ്റാഫ് നേഴ്സിന്റെയും ഒരു ലാബ് ടെക്നീഷ്യന്റെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് . |
| (സി) | എങ്കിൽ അത് പരിഹരിക്കാൻ സർക്കാർ ചെയ്ത/ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | | |
| (ഡി) | കൊണ്ടോട്ടി മണ്ഡലത്തിൽ പുളിക്കൽ, വാഴക്കാട് പി.എച്ച്.സി.കളുടെ നവീകരണത്തിന്/പുരോഗതിക്ക് ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ഡി) | ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെയുള്ള തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ അധിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ പുളിക്കൽ പ്രാഥമികാരോഗ്യകേന്ദ്രവും ഉൾപ്പെട്ടിട്ടുണ്ട്. വാഴക്കാട് PHC ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ